**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106** **14-03-2022 - ൽ മറുപടിയ്ക്ക്**

**നഗര റോഡ് വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ ഡി കെ മുരളി** | | **null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടത്തിവരുന്ന വിവിധ നഗര റോഡ് വികസന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് നഗര റോഡ് വികസനത്തിന്റെ ഭാഗമായി നിരത്ത് വിഭാഗത്തിന് കീഴിൽ ആലപ്പുഴ ജില്ലയിൽ നഗര റോഡ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ആയത് ഇപ്പോൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. DBM & BC പ്രവൃത്തി അവസാന ഘട്ടത്തിലാണ്. വൈറ്റ് ടോപ്പിംഗ്, ബി.സി ഇന്റർലോക്ക്, ഡ്രെയിൻ വർക്ക് പ്രവൃത്തികൾ പുരോഗമിക്കുന്നു. കേരള റോഡ് ഫണ്ട് ബോർഡിനു കീഴിലെ പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തലസ്ഥാന നഗരത്തിന്റെയും ജില്ലയുടെയും വികസനത്തിനായി വിഭാവനം ചെയ്തിട്ടുള്ള വിഴിഞ്ഞം-മംഗലപുരം ഔട്ടർ റിംഗ് റോഡ് പദ്ധതിയെ കുറിച്ച് അറിയിക്കാമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെടുത്തി ഏകദേശം 78 കി. മീ നീളമുള്ള ഔട്ടർറിംഗ് റോഡ് നഗരത്തിന്റെ വടക്ക് ഭാഗത്ത് നാവായിക്കുളത്ത് നിന്ന് ആരംഭിച്ച്, വെയിലൂർ, പള്ളിപ്പുറം, അണ്ടൂർക്കോണം, വട്ടപ്പാറ, അരുവിക്കര, ഊരുട്ടമ്പലം, ബാലരാമപുരം കടന്ന് വിഴിഞ്ഞം ബൈപ്പാസുമായി കൂടിച്ചേരുന്നു. ഈ പദ്ധതി മുഖ്യമായും ലക്ഷ്യമിടുന്നത് തലസ്ഥാന നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളുടെ സുസ്ഥിരവും ശാസ്ത്രീയവും മികവുറ്റ ആസൂത്രണത്തിലധിഷ്ഠിതവുമായ വികസനത്തോടൊപ്പം ഈ നഗരത്തിന്റെ ഗതാഗതം സുഗമവും കുറ്റമറ്റതുമായ രീതിയിൽ കൈകാര്യം ചെയ്യലും വിഭവങ്ങളുടെ ഗുണകരവും പ്രയോജനപ്രദവുമായ ഉപയോഗവുമാണ്. ഈ പദ്ധതിയുടെ നിർദ്ദേശത്തിന് ഭാരതമാല പരിയോജനയുടെ കീഴിൽ നടപ്പിലാക്കുന്നതിന് 25/01/2022- ൽ കേന്ദ്ര സർക്കാരിന്റെ RW/NH-37011/84/2018-BP&SP എന്ന Office Memorandum പ്രകാരം അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 45 മീറ്റർ |

| | | | |
|---|---|---|---|
| | | | വീതിയിലുള്ള നാലുവരി പ്രധാന വണ്ടിപ്പാത പദ്ധതി ചെലവിന്റെ 100%വും സ്ഥലമെടുക്കലിന്റെ 50% വും വഹിച്ചുകൊണ്ട് NHAI വികസിപ്പിക്കുന്നതാണ്. ഈ പദ്ധതിയുടെ സതേൺ റീജിയന്റെ (വിഴിഞ്ഞം മുതൽ മംഗലപുരം വരെ) പരിസ്ഥിതി സാമൂഹികാഘാത വിശകലന റിപ്പോർട്ട് L&T Infra Engg. എന്ന സ്ഥാപനം തയ്യാറാക്കിയിട്ടുള്ളതും അന്തിമ റിപ്പോർട്ട് പരിസ്ഥിതി അംഗീകാരത്തിനായി State Environment Impact Asssessment Authority (SEIAA) 03/02/2022- ൽ സമർപ്പിച്ചിട്ടുള്ളതുമാണ്. നോർത്തേൺ റീജിയന്റെ (തേക്കട മുതൽ നാവായിക്കുളം വരെ) പരിസ്ഥിതി സാമൂഹികാഘാത പഠനത്തിനായുള്ള TOR അംഗീകാരത്തിനായി 2021 നവംബറിൽ SEIAA ക്ക് സമർപ്പിച്ചിട്ടുണ്ട്. ഔട്ടർ റിംഗ് റോഡിന്റെ ഇരുവശവും 2.5 കി.മീ നീളത്തിൽ ഏകദേശം 400 Sq.Km തുടർച്ചയായുള്ള സ്ഥലം പ്രത്യേക നിക്ഷേപ മേഖലയായി (ഔട്ടർ ഏരിയാ ഗ്രോത്ത് കോറിഡോർ) വികസിപ്പിക്കാൻ വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിലേക്കായി ഒരു പ്രത്യേക നിയമ നിർമ്മാണം (Special Investment Region (SIR) Act) നടത്തുന്നതിന് CRDP തയ്യാറാക്കിയ കരട് SIR Act മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്നതിനായി വ്യവസായ വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്. ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോറിന്റെ മാസ്റ്റർ ഡെവലപ്പ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി LEA Associates South Asia Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി നിയമിച്ചിട്ടുള്ളതും ഈ സ്ഥാപനം മാസ്റ്റർ ഡെവലപ്പ്മെന്റ് പ്ലാൻ തയ്യാറാക്കി വരികയുമാണ്. കൂടാതെ പ്രത്യേക നിക്ഷേപ മേഖലയ്ക്കാവശ്യമായ സ്ഥലം ലാന്റ് പൂളിംഗിലൂടെയാണ് സമാഹരിക്കാനുദ്ദേശിക്കുന്നത്. ഇതിനാവശ്യമായ പ്രത്യേകനയം രൂപീകരിക്കുന്നതിനായി കരട് ലാന്റ് പൂളിംഗ് പോളിസിയും, ലാന്റ് പൂളിംഗ് ബില്ലും തയ്യാറാക്കി അംഗീകാരത്തിനായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (സി) | കരമന-കളിയിക്കാവിള റോഡ് വികസനത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ? | (സി) | കരമന-കളിയിക്കാവിള ദേശീയപാതയിൽ ഒന്നാംഘട്ടം ഒന്നാം റീച്ചായി കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള വികസനം പൂർത്തിയാക്കുകയും, ഒന്നാംഘട്ടം രണ്ടാം റീച്ച് പാർട്ട് 1 ആയി പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള വികസനം 2021 മാർച്ചിൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടം രണ്ടാം റീച്ച് പാർട്ട് 2 ആയി കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭാഗം വികസിപ്പിക്കേണ്ടതുണ്ട്. ആയതിന് Financial |

| | | | |
|---|---|---|---|
| | | | Sanction നിലവിൽ കിഫ്ബിയിൽ നിന്നും ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ റീച്ചിലെ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുന്നു. വഴിമുക്ക് മുതൽ കളിയക്കാവിള വരെയുള്ള ഭാഗം കരമന-കളിയിക്കാവിള ദേശീയപാത 2-ാം ഘട്ടത്തിന്റെ വികസനത്തിൽ ആണ് ഉൾപ്പെടുന്നത്. പ്രസ്തുത റീച്ചിലെ 22 കിലോമീറ്ററിന്റെ ഡി.പി.ആർ പി.ഡബ്ല്യൂഡി ഡിസൈൻ വിഭാഗമാണ് തയ്യാറാക്കുന്നത്. ഇതിന്റെ ഭാഗമായി കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന ലിഡാർ സർവേ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

# റിപ്പോർട്ട്

## നഗര പാത വികസന പദ്ധതികളുടെ നിലവിലെ സ്ഥിതി

**തിരുവനന്തപുരം നഗര പാത വികസന പദ്ധതി ഘട്ടം 1 (എ)**

തിരുവനന്തപുരം നഗര പാത വികസനത്തിന്റെ ഭാഗമായി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന രണ്ടു മേല്പ്പാലങ്ങളും ഒരു അടിപ്പാതയും ഉൾപ്പെടുത്തി നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട 42.385 കി.മീ. റോഡുകളുടെ വികസനമാണ് പദ്ധതിയിൽ ലക്ഷ്യമിട്ടത്. ഡി.ബി.എഫ്.ഒ.റ്റി. ആന്വറ്റി വ്യവസ്ഥയിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കിയ ശേഷം 15 വർഷത്തെ പരിപാലന ചുമതലയും കൺസഷണർ കമ്പനി നടത്തേണ്ടതായി നിഷ്കർഷിച്ചിട്ടുണ്ട്. 2004-ൽ തെരഞ്ഞെടുക്കപ്പെട്ട കൺസഷണർ തിരുവനന്തപുരം റോഡ് ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ് ആണ് പദ്ധതിയുടെ നിർമ്മാണവും ദീർഘകാല പരിപാലനവും നടത്തി വരുന്നത്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ ശേഷം വർഷത്തിൽ രണ്ടു പ്രാവശ്യമായി 17.749 കോടി രൂപ വീതം 15 വർഷത്തേക്ക് കൺസഷണർക്ക് ആന്വിറ്റിയായി നൽകണമെന്നാണ് കരാർ വ്യവസ്ഥ.

പദ്ധതി പ്രകാരം വികസിപ്പിച്ച റോഡുകൾ താഴെപ്പറയുന്നവയാണ്.

1. എൽ.എം.എസ് - കവടിയാർ
2. എൽ.എം.എസ് - സ്റ്റുഡൻസ് സെന്റർ
3. വെള്ളയമ്പലം - ശാസ്തമംഗലം
4. എൽ.എം.എസ് - അട്ടക്കുളങ്ങര (എം.ജി. റോഡ്)
5. മ്യൂസിയം - ബേക്കറി ജംഗ്ഷൻ - തമ്പാനൂർ - ഓവർബ്രിഡ്ജ്
6. എയർ പോർട്ട് - എം.എൽ.എ ഹോസ്റ്റൽ
7. നാലുമുക്ക് - പഴയ കളക്ടറേറ്റ് - തകരപ്പറമ്പ് - പവർ ഹൗസ് & ചൂരക്കാട്ടുപാളയം മുതൽ പാറ്റൂർ വഴി വഞ്ചിയൂർ
8. വാൻറോസ് ജംഗ്ഷൻ - സെക്രട്ടേറിയറ്റ് മെയിൻ ഗേറ്റ്

9. കവടിയാർ - പട്ടം

10. പട്ടം - മുറിഞ്ഞപാലം - മെഡിക്കൽ കോളേജ് - ഉള്ളൂർ

11. ഉള്ളൂർ - കൊച്ചുള്ളൂർ

12. കവടിയാർ - പേരൂർക്കട

13. പേരൂർക്കട - വഴയില

14. അട്ടക്കുളങ്ങര - ശ്രീവരാഹം - ഈഞ്ചക്കൽ

15. എൻ.എച്ച് ബൈപ്പാസ് - പടിഞ്ഞാറേക്കോട്ട - ശ്രീകണ്ഠേശ്വരം

16. മുറിഞ്ഞപാലം - പൂന്തി റോഡ് - എൻ.എച്ച് ബൈപ്പാസ്

ഇവയിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 14.268 കി.മീ റോഡും, രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 15.739 കി.മീ. റോഡും, മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 7.600 കി.മീ. റോഡും, നാലാം ഘട്ടത്തിലുൾപ്പെട്ട 4.778 കി.മീ. റോഡും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

റോഡുകളിൽ രൂപപ്പെടുന്ന ചെറുകുഴികളും, റോഡുകൾ പൊട്ടിപ്പൊളിയുന്നതും യഥാസമയം അടച്ച് ശരിയാക്കുക. റോഡിനിരുവശത്തുമുള്ള മഴവെള്ളം ഒലിച്ചുപോകുന്നതിനുള്ള ഓടകൾ വൃത്തിയാക്കുക, അടയാള ബോർഡുകൾ ശരിയായി സ്ഥാപിക്കുക, റോഡ് മാർക്കിംഗുകൾ, തെരുവു വിളക്കുകൾ എന്നിവ യഥാമസയം പരിപാലിക്കുക, മരങ്ങളുടെ ചില്ലകൾ വെട്ടി ശരിയായവിധം സംരക്ഷിക്കുക. പുൽത്തകിടികളുടെയും പൂമേടുകളുടെയും പരിപാലനം, റോഡ് ഫർണിച്ചറുകളുടെ കേടുപാടുകൾ തീർക്കുക എന്നിവയാണ് വികസനം പൂർത്തിയാക്കിയ ശേഷം 15 വർഷത്തേക്ക് പദ്ധതിയുടെ കൺസഷണറിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ. ഇതു കൂടാതെ റോഡിന്റെ roughness value അനുവദനീയമായ ലവലിൽ കൂടുകയാണെങ്കിൽ ആയതിന് പരിഹാരമായി 25mm BC overlay course യഥാസമയം ചെയ്യേണ്ടതും കൺസഷണറുടെ ചുമതലയാണ്. കൂടാതെ പരിപാലന കാലാവധി തീരുമ്പോൾ റോഡുകൾ നിർമ്മാണസമയത്തുള്ള സ്റ്റാന്റേർഡിൽ സർക്കാരിന് തിരികെ നൽകാനാണ് വ്യവസ്ഥ.

പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഘട്ടം | കി.മി | പൂർത്തീകരിച്ച ദിവസം | സംരക്ഷണ പരിപാലന കാലാവധി | ഹാന്റ് ബാക്ക് തീയതി |
|---|---|---|---|---|---|
| 1 | ഒന്നാം ഘട്ടം | 14.268 | 04.07.2007 | 15 വർഷം | 04.07.2022 |
| 2 | രണ്ടാം ഘട്ടം | 15.739 | 22.02.2012 | 15 വർഷം | 22.02.2027 |
| 3 | മൂന്നാം ഘട്ടം | 7.600 | 20.02.2015 | 15 വർഷം | 20.02.2030 |
| 4 | നാലാം ഘട്ടം | 4.778 | 30.05.2016 | 15 വർഷം | 30.05.2031 |
| | **ആകെ** | **42.385** | | | |

**<u>കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം 1 (എ)</u>**

സർക്കാർ ഉത്തരവ് G.O. (MS) No. 23/20214/PWD dated 26.02.2016 പ്രകാരം 37.305 കി.മി. റോഡിന്റെ വികസനത്തിന് വേണ്ടി 254.32 കോടിക്കുള്ള ഭരണാനുമതി ലഭിച്ചിരുന്നു. നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരത്തിൽ ഘട്ടം 1(എ)-ൽ 22.251 കി.മി. നീളത്തിലുള്ള 6 റോഡുകളുടെ വികസനം ബി.ഒ.റ്റി - ആന്വിറ്റി അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ M/s ULCCS Calicut City Infrastructure Development Pvt. Ltd. ഏറ്റെടുത്ത് നടപ്പിലാക്കി. 05.01.2016-ൽ ആരംഭിച്ച പദ്ധതി 15.12.2017-ൽ നിർമ്മാണ കാലയളവിന് മുൻപ് തന്നെ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞു. എല്ലാ മേഖലകളിലും നിന്നും ഏറെ പ്രശംസ പിടിച്ച് പറ്റിയ ഒരു പദ്ധതിയാണ് ഇത്.

രണ്ട് ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതി പൂർത്തിയാക്കിയത്. ആദ്യഘട്ടത്തിലെ റോഡ് നിർമ്മാണം 01.09.2017-ലും രണ്ടാം ഘട്ടത്തിലെ റോഡ് നിർമ്മാണം 15.12.2017-ലും പൂർത്തിയാക്കി. നിലവിൽ പദ്ധതി 15 വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് കാലഘട്ടത്തിലാണ്.

ഇപ്രകാരം വികസിപ്പിച്ച റോഡുകൾ താഴെപ്പറയുന്നവയാണ്.

| ക്രമ നം. | റോഡ് വികസന പദ്ധതിയുടെ പേര് | നീളം കി.മി. |
|---|---|---|
| 1. | സ്റ്റേഡിയം - പുതിയറ | 0.644 |
| 2 | കാരപ്പറമ്പ് - ഇരഞ്ഞിപ്പാലം & അരയിടത്തു പാലം - കല്ലുത്താൻ കടവ് | 4.526 |
| 3 | വെള്ളിമാട്കുന്ന് - കോവൂർ | 2.735 |

| | | |
|---|---|---|
| 4 | ഗാന്ധി റോഡ് - മിനി ബൈപ്പാസ് - കൂനിയിൽക്കാവ് - മാവൂർ റോഡ് ജംഗ്ഷൻ | 3.435 |
| 5 | പനാത്ത്താഴം - സി.ഡബ്ല്യൂ.ആർ.ഡി.എം. | 8.459 |
| 6 | പുഷ്പ ജംഗ്ഷൻ - മാങ്കാവ് ജംഗ്ഷൻ | 2.452 |
| | **ആകെ** | **22.251** |

പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായ ശേഷം വർഷത്തിൽ രണ്ടു പ്രാവശ്യമായി 23.11 കോടി രൂപ വീതം 15 വർഷത്തേക്ക് കൺസഷണർക്ക് ആന്വിറ്റിയായി നൽകണമെന്നാണ് കരാർ വ്യവസ്ഥ.

| ക്രമ നം. | ഘട്ടം | നീളം കി.മി | പൂർത്തീകരിച്ച ദിവസം | സംരക്ഷണ പരിപാലന കാലാവധി | ഹാന്റ് ബാക്ക് തീയതി |
|---|---|---|---|---|---|
| 1 | ഒന്നാം ഘട്ടം | 17.457 | 01.09.2017 | 15 വർഷം | 15.12.2032 |
| 2 | രണ്ടാം ഘട്ടം | 4.794 | 15.12.2017 | 15 വർഷം | 01.09.2032 |
| | **ആകെ** | **22.251** | | | |

## <u>കണ്ണൂർ നഗര പാതാ വികസന പദ്ധതി</u>

കേരള റോഡ് ഫണ്ട് ബോർഡ് സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കണ്ണൂർ നഗര പാതാ വികസന പദ്ധതിക്ക് 03.08.2017-ലെ സർക്കാർ ഉത്തരവ് G.O. (Rt) No. 1159/2017/PWD പ്രകാരം 401.467 കോടി രൂപക്ക് (ഭൂമി ഏറ്റെടുക്കുന്നതിന് ഒഴികെ) 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിക്കുകയുണ്ടായി. DBFOT-Annuity mode-ൽ ഉള്ള ഈ പദ്ധതിയിൽ 11 റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. L&T Infrastructure Project ആണ് പ്രസ്തുത പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയത് (ഡി.പി.ആർ).

പ്രസ്തുത പദ്ധതി പ്രകാരം ആകെ 11 കോറിഡോറുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 11 കോറിഡോറുകളിൽ കോറിഡോർ നം. 9, 10, 11 (ഫേസ് - 1) എന്നിവ ഒഴിച്ച് ബാക്കി എല്ലാ കോറിഡോറുകളും ഭൂമി ഏറ്റെടു

ത്താണ് റോഡ് നവീകരിക്കുന്നത്. നിലവിൽ ഭൂമി ഏറ്റെടുക്കേണ്ടതായ 8 കോറിഡോറുകളിൽ 4 കോറിഡോറുകളിൽ (ഫേസ്-2, കോറിഡോർ 01, 03, 08, 12) ഭൂമി ഏറ്റെടുക്കൽ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു, ബാക്കി 4 കോറിഡോറുകളിൽ (ഫേസ്-3, കോറിഡോർ 02, 04, 05, 07) സമൂഹിക ആഘാതപഠനം നടത്തി സർവ്വേ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്. കോറിഡോറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഫേസ്-1-ന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ആയതിന് വേണ്ടി ട്രാൻസാക്ഷൻ അഡ്വൈസറെ നിയമിക്കുകയും ടെണ്ടർ ഡോക്യുമെന്റ് കരട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ഫേസ്-1 കോറിഡോറുകൾ (ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്തവ)**

| ക്രമ നം. | കോറിഡോർ നമ്പറും പേരും | നീളം |
|---|---|---|
| 1 | ഇ9 - ഇന്നർ റിങ്ങ് റോഡ്. (മുന്നീശ്വരൻ കോവിൽ ജംഗ്ഷൻ- ഓഫീസേർസ് ക്ലബ് ജംഗ്ഷൻ- പോലീസ് ക്ലബ് ജംഗ്ഷൻ- ആശീർവാദ് ജംഗ്ഷൻ- പ്ലാസാ ജംഗ്ഷൻ- മുന്നീശ്വരൻ കോവിൽ ജംഗ്ഷൻ) | 3.1 കി.മി. |
| 2 | ഇ10 - പട്ടാളം റോഡ്. (ഓഫീസേർസ് ക്ലബ് ജംഗ്ഷൻ- എസ്പിസിഎ ജംഗ്ഷൻ- മഹാത്മ ജംഗ്ഷൻ- കാൾട്ടക്സ് സർക്കിൾ- പോലീസ് ക്ലബ് ജംഗ്ഷൻ) | 0.99 കി.മി. |
| 3 | ഇ11 ജയിൽ റോഡ് (എസ്പിസിഎ ജംഗ്ഷൻ - എകെജി ഹോസ്പിററൽ ജംഗ്ഷൻ) | 0.96 കി.മി. |
| | **ആകെ** | **5.05 കി.മി** |

<u>**ഫേസ്-2 കോറിഡോറുകൾ**</u>

| ക്രമ നം. | കോറിഡോർ നമ്പറും പേരും | നീളം |
|---|---|---|
| 1 | ഇ01- മന്ന ജംഗ്ഷൻ - ന്യു എൻ എച്ച് ബൈപ്പാസ് (എൻഎച്ച്-66) | 9.325 കി.മി. |
| 2 | ഇ03 - പൊടിക്കുണ്ട്- കൊറ്റാളി റോഡ് | 1.44 കി.മി. |
| 3 | ഇ08 - തയ്യിൽ - തെഴുക്കിലെ പീടിക റോഡ് | 2.18 കി.മി. |

| | | |
|---|---|---|
| 4 | ഇ12 - കുഞ്ഞിപ്പള്ളി - പുല്ലൂപ്പി റോഡ് | 1.65 കി.മി. |
| | **ആകെ** | **14.595 കി.മി.** |

**ഫേസ്-3 കോറിഡോറുകൾ**

| ക്രമ നം. | **കോറിഡോർ നമ്പറും പേരും** | **നീളം** |
|---|---|---|
| 1 | ഇ02ചാലാട്- കുഞ്ഞിപ്പള്ളി റോഡ് | 4.7 കി.മി. |
| 2 | ഇ04 മിനി ബൈപ്പാസ് റോഡ് | 7.04 കി.മി. |
| 3 | ഇ05 കക്കാട് -മുണ്ടയാട് റോഡ് | 2.81 കി.മി. |
| 4 | ഇ07 പ്ലാസ ജംഗ്ഷൻ-ജെടിഎസ് റോഡ് | 6.45 കി.മി. |
| | **ആകെ** | **21 കി.മി.** |